I ഇ.ബി. XIV-കേരള നിയമസഭ/XVI-7

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2019 നവംബർ 05, ചൊവ്വ</u>

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയ നോട്ടീസ്

<u>മി. സ്പീക്കർ:</u> വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടു പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികൾക്കുവേണ്ടി പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ ഹാജരാവുകയും കേസ്സന്വേഷണം അട്ടിമറിക്കാൻ ഇടയായതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സർവ്വശ്രീ

വി. ടി. ബൽറാം, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം ഒന്നിലേറെത്തവണ അടിയന്തരപ്രമേയമായും സബ്മിഷനായും ഉന്നയിക്കുകയും സർക്കാർ നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അടിയന്തര പ്രാധാന്യമുള്ള പുതിയ വിഷയമുള്ളതായി ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ ഈ വിഷയം അവതരിപ്പിക്കാൻ അനുവാദം നൽകാൻ നിർവ്വാഹമില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരളം ഇന്ന് ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് വാളയാറിലെ പെൺകുട്ടികളുടെ ദുരൂഹമരണം. ഒരേ വിഷയത്തിൽ ഒന്നിലേറെത്തവണ അടിയന്തരപ്രമേയത്തിന് മുൻകാലങ്ങളിലും അനുമതി നൽകിയിട്ടുള്ളതിനാൽ പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകണം.

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയമായും സബ്മിഷനായും ഉന്നയിച്ച് മറുപടി നൽകിയ വിഷയമായതിനാൽ അനുവദിക്കാൻ നിർവ്വാഹമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയതിനുശേഷം

പ്രതിപക്ഷ അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) റോഡ് വികസനം

ശ്രീ. ആർ. രാമചന്ദ്രൻ: കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യംവച്ച് ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ നിലവിൽ ചെറുകിട നാമമാത്ര ഭൂവുടമകളിൽനിന്ന് മാത്രമാണ് നടക്കുന്നത്. ചെറുകിട കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവരാണ് ഇതിലുൾപ്പെടുന്നത്. ഭൂമി ഏറ്റെടുക്കുമ്പോൾ നിലവിലെ ചട്ടപ്രകാരം അവശേഷിക്കുന്ന ചെറിയ അളവിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത്തരക്കാരെ സഹായിക്കാൻ ശേഷിച്ച ഭൂമികൂടി ഏറ്റെടുക്കുകയോ ചട്ടങ്ങളിൽ ഇളവനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുകയോ ചെയ്യാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവർക്ക് 3 സെന്റ് സ്ഥലവും വീട് വയ്ക്കാൻ സഹായവും വീട്ടുവാടക

അലവൻസായി 5000 രൂപ വീതം 6 മാസ കാലത്തേയ്ക്കും നൽകുന്നുണ്ട്. ചെറുകിട ഭൂവുടമകളിൽനിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ അവശേഷിക്കുന്ന ഭൂമി അവർക്ക് ഉപയോഗപ്രദമായില്ലെങ്കിൽ അത് ഏറ്റെടുക്കാൻ വ്യവസ്ഥയില്ലെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. ഭൂവുടമകൾ ആർബിട്രേറ്ററെ സമീപിക്കുന്നപക്ഷം ദേശീയപാതാ അതോറിറ്റിയുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. സംസ്ഥാനപാതാ വികസനത്തിന്റെ ഭാഗമായി ചെറുകിട ഭൂവുടമകളിൽനിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ അവശേഷിക്കുന്നവകൂടി ഏറ്റെടുക്കണമെന്ന ആവശ്യമുയരുന്നപക്ഷം അർത്ഥനാധികാരിയുടെ അഭിപ്രായമാരാഞ്ഞശേഷം റിക്വിസിഷനും ബന്ധപ്പെട്ട സർക്കാർ ഉത്തരവും ലഭ്യമാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്.

(2) <u>ഭവനരഹിതരായ വിധവകളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: ഭവനരഹിതരും അർഹരുമായ വിധവകളെ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് വീട് നൽകുകയോ പ്രത്യേകമായി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാനദണ്ഡപ്രകാരം അർഹരായവരെയാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ വിധവകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ വിധവാ ക്ലേശഘടകത്തിന്റെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള 8391 ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി ഭവന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. മാതാപിതാക്കളുടെയോ സഹോദരങ്ങളുടെയോ സംരക്ഷണയിൽ കഴിയുന്ന പ്രത്യേക റേഷൻ കാർഡ് ഇല്ലാത്ത വിധവകൾക്ക് ലൈഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാൻ സാധിക്കുകയില്ല.

## III സബ്മിഷൻ

### (1) സൗജന്യ മരുന്നുവിതരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 2020 മാർച്ച് 31-നുശേഷവും ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും സൗജന്യ മരുന്നുവിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടറുകൾ സൗജന്യമായിട്ടാണ് നൽകിവരുന്നത്. കെ.ബി.എഫ്. പ്രകാരം ആനുകൂല്യം ലഭിച്ചിരുന്ന ഹീമോഫീലിയ രോഗികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അവരെ പ്രത്യേകമായി പരിഗണിച്ച് 31-03-2020 വരെ സൗജന്യ ചികിത്സ നൽകാൻ തീരുമാനിക്കുകയും അതിനുശേഷവും സൗജന്യ ചികിത്സ നൽകുന്നതിന് വിശദമായ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 107 കോടി രൂപയുടെ ഫാക്ടറുകൾ ഹീമോഫീലിയ രോഗികൾക്ക് വിതരണം ചെയ്യുകയും കാരുണ്യ ഫാർമസിയിൽ മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്.

(2) ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്

ശ്രീമതി വീണാ ജോർജ്ജ്: പത്തനംതിട്ട കേന്ദ്രമാക്കി ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പത്തനംതിട്ട ജില്ലയിലെ പൈതൃക ഗ്രാമങ്ങളും ആറന്മുള കണ്ണാടി ഉൾപ്പെടെയുള്ള കരകൗശല പാരമ്പര്യവും പരമ്പരാഗതമായ മറ്റാചാരങ്ങളും സമന്വയിപ്പിച്ച് ജില്ലയിലെ പൈതൃക സ്മാരകങ്ങൾ സംരക്ഷിച്ച് ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് നടപ്പാക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) വീടുകൾ പുതുക്കിപ്പണിയൽ

ശ്രീ. കെ. കുഞ്ഞിരാമൻ: ഇരിയണ്ണി രാജീവ് ദശലക്ഷം കോളനിയിലും മൈലാട്ടി രാജീവ്ഗാന്ധി കോളിനിയിലും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ച എഴുപതോളം വീടുകൾ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇരിയണ്ണി രാജീവ് ദശലക്ഷം കോളനിയിലും മൈലാട്ടി രാജീവ്ഗാന്ധി കോളനിയിലും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ചുനൽകിയ വീടുകളുടെ പുനർനിർമ്മാണത്തിനോ അറ്റകുറ്റപ്പണികൾക്കോ വേണ്ടിയുള്ള പദ്ധതികൾ ഭവനനിർമ്മാണ ബോർഡിൽ

നിലവിലില്ല. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി പ്രസ്തുത വിഷയത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(4) കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനും ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോന്നി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 142 കോടി രൂപയുടെ ഭരണാനുമതിയാണ് നബാർഡ് മുഖാന്തരം നൽകിയിരുന്നത്. മുടങ്ങിക്കിടന്നിരുന്ന ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിവരികയാണ്. രണ്ടാംഘട്ട നിർമ്മാണത്തിനായി 351.72 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. 2021-ഓടുകൂടി പ്രസ്തുത മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അനുമതി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (5) കുഞ്ഞാലിമരയ്ക്കാർ ചരിത്രപഠന കേന്ദ്രം

ശ്രീ. പാറക്കൽ അബ്ദുല്ല: കുഞ്ഞാലിമരയ്ക്കാർ ചരിത്ര പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം വിപുലീകരിക്കുന്നതിനുള്ള ശ്രമം പുരാവസ്തുവകുപ്പ് ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാക്കി പ്രസ്തുത മ്യൂസിയം നവീകരിക്കാനും വിപുലപ്പെടുത്താനുമുള്ള പദ്ധതി തയ്യാറാക്കിവരികയാണ്.

## (6) സബ്ട്രഷറി പുനർനിർമ്മാണം

ശ്രീ. മാത്യൂ ടി. തോമസ്: തിരുവല്ല സബ്ട്രഷറിയുടെ പ്രവർത്തനം ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിൽനിന്നും താൽക്കാലികമായി മാറ്റി സ്ഥാപിക്കുന്നതിനും പുതിയ കെട്ടിടം അടിയന്തരമായി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ട്രഷറിയുടെ പ്രവർത്തനത്തിന് അനുയോജ്യമായ വാടകക്കെട്ടിടം ലഭ്യമാകാത്തതാണ് തിരുവല്ല സബ്ട്രഷറി മാറ്റി സ്ഥാപിക്കുന്നതിന്

തടസ്സമായി നിൽക്കുന്നത്. നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടത്തുന്നതിന് ട്രഷറി വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. നഗരസഭ ലഭ്യമാക്കിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വകുപ്പുദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കുന്നതാണ്.

(7) കന്യാസ്ത്രീകൾക്ക് റേഷൻ

ശ്രീ. പി. സി. ജോർജ്: പുതിയ റേഷൻ സംവിധാനത്തിൽനിന്നും ഒഴിവാക്കപ്പെട്ട കന്യാസ്ത്രീകൾക്കും മുസ്ലീം അനാഥമന്ദിരങ്ങളിലെ അന്തേവാസികൾക്കും റേഷൻ പുനഃസ്ഥാപിക്കുന്നതിനും പാവപ്പെട്ട ക്ഷേത്രപൂജാരിമാർക്കടക്കം റേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയപ്പോൾ കേന്ദ്ര വിഹിതത്തിലുണ്ടായ കുറവുകാരണം മുൻഗണനേതര വിഭാഗങ്ങൾക്ക് മതിയായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ടൈഡ് ഓവർ വിഹിതം കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുന്നമുറയ്ക്ക് എ.പി.എൽ. എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾക്കുള്ള വിഹിതം പുനഃസ്ഥാപിക്കുന്നതാണ്.

കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തുന്നമുറയ്ക്ക് കന്യാസ്ത്രീമഠങ്ങളിലെ അന്തേവാസികൾക്കും പരിഗണനാർഹമായ ആരാധനാലയങ്ങളിലെ അന്തേവാസികൾക്കും റേഷൻ അനുവദിക്കുന്നതാണ്.

## (8) ഗ്രാമീണറോഡുകളുടെ പുനർനിർമ്മാണം

ശ്രീമതി ഷാനിമോൾ ഉസ്മാൻ: അരൂർ നിയോജകമണ്ഡലത്തിലെ ഗ്രാമീണറോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): അരൂർ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള പ്രോജക്ടുകൾ പഞ്ചായത്തുകൾ അംഗീകരിക്കുകയും ആവശ്യമായ തുക വകയിരുത്തുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മഴക്കാലം കഴിയുന്നതോടെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## (9) സ്ഥലവും കെട്ടിടവും അനുവദിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഗവൺമെന്റ്

ഹൈസ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂൾ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂൾ കെട്ടിടം പണിയുന്നതിനായി സ്വകാര്യ വ്യക്തി വിട്ടുനൽകിയ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതിനാൽ പരിവർത്തനങ്ങൾ അനുവദനീയമല്ലെന്ന റിപ്പോർട്ട് കൃഷി വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യാൻ സാധിക്കാത്തപക്ഷം പുതിയ സ്ഥലം കണ്ടെത്തുന്നതാണ്.

## (10) കെട്ടിട നിർമ്മാണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: മങ്കട ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ എം.എൽ.എ.-യുടെ ആസ്തി വികസന

ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക നടപ്പു സാമ്പത്തിക വർഷത്തെ റവന്യൂ ശീർഷകത്തിൽ അവശേഷിക്കാത്ത സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്.

(11) വാളയാർ കേസ് അട്ടിമറി

ശ്രീ. വി. ടി. ബൽറാം: വാളയാർ കേസ് സംബന്ധിച്ച് പുതിയ വെളിപ്പെടുത്തലുകൾ വന്ന സാഹചര്യത്തിൽ ഗവൺമെന്റ് ക്രിയാത്മകമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കണം. വാളയാർ കേസിൽ പ്രതിയെന്ന് സംശയിക്കപ്പെട്ട് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ച പ്രവീൺ ആത്മഹത്യ ചെയ്തതിനെക്കുറിച്ചും അന്വേഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പെൺകുട്ടികൾ മരണപ്പെട്ടതിനെത്തുടർന്ന് കൂട്ടുകാരനെ അറസ്റ്റ് ചെയ്തതിനാൽ താനും പ്രതിയാക്കപ്പെടുമെന്ന ഭയത്താലാണ് പ്രവീൺ ആത്മഹത്യ ചെയ്തതെന്ന പോലീസ് നിഗമന പ്രകാരം കേസ് തീർപ്പാക്കിയിട്ടുണ്ട്. കുട്ടികളുടെ മാതാപിതാക്കൾ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട്

കോടതിയെ സമീപിക്കുകയാണെങ്കിൽ സർക്കാർ അനുകൂല സമീപനം സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI ക്രമപ്രശ്നം

റീബിൽഡ് കേരളയ്ക്ക് ലഭ്യമാക്കിയ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: കേരള പുനർനിർമ്മാണ പദ്ധതിക്ക് ലോകബാങ്ക് അനുവദിച്ച തുക റീബിൽഡ് കേരളയുടെ അക്കൗണ്ടിൽ വകയിരുത്താത്തതും പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തതും ക്രമപ്രകാരമല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വായ്പകൾ ലഭിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരളയ്ക്ക് 1000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിനുശേഷം അഡീഷണൽ ആതറൈസേഷനായി ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെടുന്നതാണ്.

## VII ധനകാര്യം

### 2019 - 2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. എസ്. ശർമ്മ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മികച്ച അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിലും വനിത-ശിശുക്ഷേമ വികസന കാര്യങ്ങളിലും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞതും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമെന്ന ബഹുമതി നേടാനായതും അഭിമാനാർഹമാണ്. പ്രകൃതിദുരന്തങ്ങളെയും

പകർച്ചവ്യാധികളെയും നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. ആർ.സി.ഇ.പി. പോലുള്ള തെറ്റായ നയങ്ങൾക്കെതിരെ രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കണം. നാടിന്റെ വികസനപ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കാൻ കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ പ്രവർത്തിക്കുകയും അതിനായുള്ള ചർച്ചകൾ നടത്തുകയും വേണം.

ശ്രീ. എ. പി. അനിൽ കുമാർ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആളോഹരി കടവും പൊതുകടവും കടബാധ്യതയും വർദ്ധിച്ചിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾ നടക്കാത്തതും തൊഴിലില്ലായ്മ രൂക്ഷമാകുന്നതും നികുതിവരുമാനം വർദ്ധിപ്പിക്കാൻ സാധിക്കാത്തതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ്. സമസ്തമേഖലകളിലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, മേഖലകൾ തകർന്നിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ

സ്വകാര്യവൽക്കരണത്തിനെതിരെ വൻപ്രക്ഷോഭമാണ് രാജ്യത്ത് നടക്കുന്നത്. വിദ്യാഭ്യാസ മേഖല വിസ്മയകരമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്.

ശ്രീ. എം. സി. കമറുദ്ദീൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവയിലൂടെയുണ്ടായ സാമ്പത്തിക തകർച്ച നേരിടുന്നതിന് സർക്കാർ ഫലപ്രദമായ നയങ്ങളൊന്നും ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്ത് യാതൊരു വികസനപ്രവർത്തനങ്ങളും നടക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളെ പ്രതിരോധിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കണം.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങൾ ഹൈടെക് ആക്കിയതിലൂടെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും വിദ്യാലയങ്ങളിൽ കൈത്തറി യൂണിഫോം വിതരണം ചെയ്തതിലൂടെ കൈത്തറി മേഖലയിൽ തൊഴിലവസരം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്ന കേന്ദ്രനീക്കം പ്രതിഷേധാർഹമാണ്. പ്രളയക്കെടുതിയെ അതിജീവിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങളൊരുക്കിയ സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും അഭിമാനകരമായ പദ്ധതികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ 3.7 ലക്ഷം പേർക്ക് ധനസഹായം നൽകുകയും ലൈഫ് പദ്ധതി മുഖേന 6151 വീടുകൾ പൂർത്തിയാക്കുകയും ആറുവരിപ്പാതയുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സ്വാഗതാർഹമാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുഭരണം, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം തുടങ്ങിയ മേഖലകളിൽ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ട 74 പേരെ സിവിൽ പോലീസ് ഓഫീസർമാരായി നിയമിച്ചതും 180 മത്സ്യത്തൊഴിലാളികൾക്ക് തീരദേശ സേനയിൽ നിയമനം നൽകിയതും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചതും പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ വഴി വിലകുറച്ച് നൽകാൻ സാധിച്ചതും ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചതും

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും ശ്ലാഘനീയമാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അമ്പലമേട്ടിൽ കേന്ദ്രസർക്കാർ സ്ഥാപിക്കാൻ പോകുന്ന പെട്രോ കെമിക്കൽസിലെ തൊഴിൽസാദ്ധ്യത സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്തണം. സംസ്ഥാനത്ത് എക്സ്പ്രസ് ഹൈവേ യാഥാർത്ഥ്യമാക്കുകയും ഹൈ സ്പീഡ് റെയിൽ കോറിഡോറിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം.

<u>ശ്രീ. എം. സ്വരാജ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ചുനൽകിയതും പൊതുവിദ്യാഭ്യാസ മേഖലയെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും ആർദ്രം പദ്ധതി നടപ്പാക്കിയതും ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. ബി.പി.സി.എൽ.-നെ സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ രാഷ്ട്രീയഭേദമെന്യേ ഒരുമിച്ചുനിൽക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കണം. റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കണം.

ശ്രീ. പി. സി. ജോർജ്: പൂട്ടിപ്പോയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പോളിടെക്നിക്കുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എരുമേലി വിമാനത്താവളം പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സർവ്വതലസ്പർശിയായ മുന്നേറ്റത്തിനായി അമ്പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ തുടക്കം കുറിച്ചത്. വിദ്യാഭ്യാസ മേഖലയെ ആധുനികവൽക്കരിക്കാനും ആരോഗ്യരംഗത്തെ ലോകോത്തര നിലവാരത്തിലെത്തിക്കാനും സാധിച്ചു. ട്രാൻസ്ഗ്രിഡ്, ഇടമൺ-കൊച്ചി പവർ ഹൈവേ, ഗെയിൽ പൈപ്പ് ലൈൻ തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. വി. കെ. പ്രശാന്ത്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സർക്കാരിന്

സാധിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനും ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കിഫ്ബിയുമായി ബന്ധപ്പെട്ട് 45619 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും ഹരിതകേരളം, ആർദ്രം, ലൈഫ് എന്നീ പദ്ധതികൾ മികച്ച നിലയിൽ നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പരിശ്രമം അഭിനന്ദനാർഹമാണ്. വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാൻ രാഷ്ട്രീയഭേദമെന്യേ യോജിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഗരാസൂത്രണം, ഭവനനിർമ്മാണം, ഭൂവിനിയോഗം, ജലവിനിയോഗം, കൃഷി ഭൂമി വേർതിരിവ് എന്നീ രംഗങ്ങളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ സമന്വയം അനിവാര്യമാണ്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയ്ക്ക് മാതൃകയാകേണ്ടതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നവകേരള നിർമ്മിതി പദ്ധതികൾക്ക് പണം അനുവദിക്കുമ്പോൾ ഗ്രാമീണ മേഖലയിലെ തകർന്ന റോഡുകൾ പുനരുദ്ധരിക്കാനാവശ്യമായ

നടപടി സ്വീകരിക്കണം. കിഫ്ബിയിൽ പ്രഖ്യാപിച്ച പദ്ധതികൾ, പങ്കാളിത്ത പെൻഷൻ പിൻവലിക്കൽ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള ബാങ്ക് രൂപീകരണത്തോടെ സ്വന്തമായി ബാങ്കുള്ള രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറും. ഭവനരഹിതർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതും ശബരിമല മാസ്റ്റർ പ്ലാനിനായി തുക അനുവദിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സർക്കാരിന്റെ ധൂർത്ത് തുടരുകയാണ്. ട്രാൻസ്ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി അന്വേഷിക്കണം. റീ-ബിൽഡ് കേരളയ്ക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ച നടപടി അപലപനീയമാണ്.

വൈദ്യുതി വകുപ്പുമന്ത്രി <u>(ശ്രീ. എം. എം. മണി)</u>: ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. കൂടുതൽ കമ്പനികൾക്ക് ടെണ്ടറിൽ

പങ്കെടുക്കാനാണ് പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥയിൽ കെ.എസ്.ഇ.ബി. മാറ്റം വരുത്തിയത്. വൈദ്യുതി ബോർഡിലെ നടപടിക്രമങ്ങൾ പാലിച്ചും നിയമാനുസൃതമായ ടെണ്ടർ നടപടികളിലൂടെയുമാണ് ട്രാൻസ്ഗ്രിഡ് പദ്ധതി പ്രവർത്തനങ്ങൾക്ക് കരാർ നൽകിയിട്ടുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റീ-ബിൽഡ് കേരളയ്ക്കായി അനുവദിച്ച തുക ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വകമാറ്റപ്പെട്ടിരിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാന സർക്കാരിനുള്ള ഈ വർഷത്തെ വായ്പ കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിരിക്കുകയാണ്. നികുതി വെട്ടിപ്പ് തടയാൻ നടപടികൾ സ്വീകരിച്ചിട്ടും നികുതി വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. വ്യാപാരമാന്ദ്യവും വ്യാപാരികൾ കൃത്യമായി കണക്കുകൾ സൂക്ഷിക്കാത്തതും ബന്ധപ്പെട്ട വകുപ്പിന്റെ കാര്യക്ഷമതക്കുറവും നികുതിപിരിവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എൻട്രി പോയിന്റുകളിൽ സർവ്വൈലൻസ് ക്യാമറകളും ഓട്ടോമാറ്റിക് റീഡറുകളും സ്ഥാപിക്കാൻ ടെണ്ടർ നടപടികളായിട്ടുണ്ട്. ചരക്കുമായി വരുന്ന വാഹനങ്ങളുടെ നമ്പർ ലഭിച്ചുകഴിഞ്ഞാൽ ഇ-വേ ബിൽ ഓട്ടോമാറ്റിക്കായി ഡൗൺലോഡ് ചെയ്യാൻ

കേന്ദ്രസർക്കാർ ഡിസംബർ മാസത്തിൽ അനുവാദം നൽകുന്നതാണ്. നികുതിവരുമാനത്തിലെ കുറവ് ക്ഷേമപ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പ്ലാൻ ഫണ്ട് ചെലവാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതാണ്. നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ നിലവിലുള്ള സാമ്പത്തിക മാന്ദ്യം മറികടക്കാൻ സാധിക്കുകയുള്ളൂ. സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ട്രാൻസ്ഗ്രിഡ് പദ്ധതി സംബന്ധിച്ച പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. ഇതുസംബന്ധിച്ച് യാതൊരന്വേഷണത്തിന്റെയും ആവശ്യമില്ല.

(ട്രാൻസ്ഗ്രിഡ് പദ്ധതി സംബന്ധിച്ച അഴിമതിയാരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.22 ന് പിരിഞ്ഞു.)

******